DISTRICT INSTITUTE OF EDUCATION AND TRAINING, PALAKKAD
SSLC PRE-MODEL EXAMINATION, FEBRUARY- 2023

SOCIAL SCIENCE

---

നിർദ്ദേശങ്ങൾ

1.പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് . ചോദ്യങ്ങൾ വായിച്ച് മനസിലാക്കുന്നതിന് ഈ സമയം വിനിയോഗിക്കേണ്ടതാണ് .

2.ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനു ശേഷം മാത്രം ഉത്തരമെഴുതുക.

3.ഉത്തരമെഴുതുമ്പോൾ സമയം സ്കോർ എന്നിവ പരിഗണിക്കണം

4. PART-A യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. PART-B യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതണം.

---

PART-A

1."വാദിക്കാനും ജയിക്കാനും അല്ല അറിയാനും അറിയിക്കാനും ആണ് " ഈ പ്രസ്താവന നടത്തിയ സാമൂഹിക പരിഷ്കർത്താവിന്റെ പേര് എഴുതുക? 1

2.ലീഗൽ മെട്രോളജി വകുപ്പിന്റെ ചുമതല എഴുതുക. 1

3.ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം നിർത്തിവയ്ക്കാനുള്ള കാരണം എന്ത് ? 1

4.സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നതാരെ? 1

5.ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽകരണത്തിനായി വാദിച്ച വ്യക്തി ആര്? 1

6.കേരളത്തിൽ സാമൂഹിക മാറ്റത്തിനായുള്ള പോരാട്ടത്തിൽ വൈക്കം സത്യാഗ്രഹത്തിന്റെ പ്രാധാന്യം എന്താണ്? 3

7.ഉപഭോക്തൃ വിദ്യാഭ്യാസം ഏതെല്ലാം വിധത്തിൽ ഉപഭോക്താവിനെ ശാക്തീകരിക്കുന്നു? 3

8.പങ്കാളിത്തനിരീക്ഷണം എന്നാലെന്ത് ? 3

9.പൗരബോധം വളർത്തുന്നതിൽ സംഘടനകളുടെ പങ്കെന്ത് ? 3

10. ധനനയത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം? 3

11. ഇന്ത്യയിൽ പൊതുചെലവ് വർധിക്കുന്നതിന്റ കാരണങ്ങൾ എന്തെല്ലാം? 4

12.ഏറ്റവും നീളം കൂടിയ ഉപദ്വീപീയ നദി ഏത് ? ഇത് കൂടാതെയുള്ള ഏതെങ്കിലും മൂന്ന് പ്രധാന ഉപദ്വീപിയ നദികളുടെ പേര് എഴുതുക. 4

13.ചുവടെ കൊടുത്തിട്ടുള്ള ഭൂരൂപങ്ങളെ നല്കിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

a .നാഗാകുന്നുകൾ b. താപ്തി c. കിഴക്കൻ തീരസമതലം d.കണ്ട്‌ല

14.ഖാരിഫ് വിളകളെ കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക 4

15.ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വിശകലനം ചെയ്യുക.

## PART-B

16. a)ഇ- ഗവേണൻസ് എന്നാൽ എന്ത് ?അതിന്റെ മേന്മകൾ എന്തെല്ലാം? 3

അല്ലെങ്കിൽ

b)രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങൾ വിശദമാക്കുക

17. a)ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ മൂന്ന് സവിശേഷതകൾ എഴുതുക 3

അല്ലെങ്കിൽ

b)ഇന്ത്യയിലെ വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ ആണ് താഴെ തന്നിരിക്കുന്നത്. ഇവ ഏതെല്ലാം കമ്മീഷനുകളുടേതാണെന്ന് തിരിച്ചറിഞ്ഞ് പൂരിപ്പിക്കുക.

| A<br>കമ്മീഷനുകൾ | B<br>നിർദ്ദേശങ്ങൾ |
|---|---|
| 1.__________________________ | സെക്കൻഡറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കണം. |
| 2.__________________________ | യൂണിവേഴ്സിറ്റി ഗ്രാൻഡ് കമ്മീഷൻ രൂപീകരണം |
| 3.________________________ | ത്രിഭാഷാ പദ്ധതി നടപ്പാക്കണം. |

18.
a) ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ എഴുതുക? 3

അല്ലെങ്കിൽ

b) മധ്യരേഖ ന്യൂനമർദ്ദമേഖല നിർവാതമേഖല എന്നറിയപ്പെടാൻ കാരണമെന്ത് ?

19.a)സാന്താൾ കലാപം നടന്ന വർഷം ഏത് ? രണ്ട് കാരണങ്ങൾ വ്യക്തമാക്കുക ? 3

അല്ലെങ്കിൽ

b)ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങളിൽ ഒന്നാണ് ചേരിചേരാനയം. മറ്റ് മൂന്ന് തത്വങ്ങൾ കൂടി എഴുതുക.

20. a)ആകാശീയ വിദൂര സംവേദനത്തിന്റെ പോരായ്മകളെന്തെല്ലാം ? 4

അല്ലെങ്കിൽ

b)ഈസ്റ്റിംങ്സ് , നോർത്തിങ്സ് എന്നിവയുടെ പ്രത്യേകതകൾ എന്തെല്ലാം ?

21.

a )വിദ്യാഭ്യാസവും നൈപുണ്യവും വികസിപ്പിക്കുന്നതിന് ഇന്ത്യയിൽ നടപ്പിലാക്കിയ ഏതെങ്കിലും നാല് പദ്ധതികൾ എഴുതുക. 4

അല്ലെങ്കിൽ

b) മൈക്രോ ഫിനാൻസിന്റെ പ്രാധാന്യം വിശദമാക്കുക

22.

a)ആരോഗ്യ പരിപാലനത്തിനുള്ള സൗകര്യങ്ങൾ പട്ടികപ്പെടുത്തുക 4

അല്ലെങ്കിൽ

b) റിസർവ്വ് ബാങ്കിന്റെ ധർമ്മങ്ങൾഎന്തെല്ലാം?

23. a).അഴിമതിതടയുന്നതിന് രൂപംനൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ലോക്പാലും ലോകായുക്തയും. വിശദമാക്കുക? 4

അല്ലെങ്കിൽ

b) സ്വാഭാവികപൗരത്വവും ആർജിതപൗരത്വവും തമ്മിലുള്ള വ്യത്യാസം എഴുതുക.

24.

a)മെർക്കന്റെലിസം എന്നാൽ എന്ത്? മെർക്കന്റെലിസ്റ്റ് നിയമങ്ങൾ അമേരിക്കൻ വിപ്ലവത്തിന് കാരണമായത് എങ്ങനെ എന്നു വിശദമാക്കുക. 6

അല്ലെങ്കിൽ

b)ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ എവ?

25.a)ഗ്രീനിച്ച് സമയം, മാനക സമയം, ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്നിവ വിശദീകരിക്കുക ? 6

അല്ലെങ്കിൽ

b) ആഗോള മർദ്ദ മേഖലകൾ വിശദീകരിക്കുക.

